പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2108 **26-10-2026-ൽ മറുപടിയ്ക്ക്**

തദ്ദേശ സ്വയംഭരണ വകുപ്പിലെ തസ്തികകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തിന് മുമ്പ് പഞ്ചായത്ത് വകുപ്പിൽ ഉണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകൾ എത്രയാണെന്നും പഞ്ചായത്ത് സെക്രട്ടറിമാരിൽ എത്രപേർ നേരിട്ട് നിയമനം ലഭിച്ചവരാണെന്നും എത്രപേർ പ്രൊമോഷൻ വഴി നിയമനം ലഭിച്ചവരാണെന്നും പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

(ബി) നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ടെന്നും അവയേതൊക്കെയാണെന്നും അറിയിക്കാമോ; പ്രസ്തുത പഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 2026 വർഷം സെപ്റ്റംബർ വരെ വിരമിച്ചതും 2026 ഒക്ടോബർ മുതൽ 2031 ഡിസംബർ വരെയുള്ള കാലയളവിൽ വിരമിക്കുന്നതുമായ ജൂനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് സെക്രട്ടറി, സീനിയർ സൂപ്രണ്ട് /സെക്രട്ടറിമാരുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ